# ബഹു.മുഖ്യമന്ത്രിയുടെ കോവിഡ് 19 പ്രതിദിന വാർത്താ സമ്മേളനത്തിന്റെ മിനിറ്റ്സ്

**2020 ഏപ്രിൽ 11, വൈകുന്നേരം 4.30 മണി**

കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേര് അനുബന്ധം 1 ആയി ചേർക്കുന്നു.

## ബഹു. ആരോഗ്യവകുപ്പ് മന്ത്രി

കേരളത്തിൽ ഇന്ന് 10 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ നിന്നും 7 പേർക്കും, ജില്ലയിൽ നിന്നും രണ്ട് പേർക്കും വീതവും, കോഴിക്കോട് ജില്ല യിൽ നിന്നും ഒരാൾക്കും രോഗം സ്ഥിരീകരിച്ചു എന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചു. കേരളത്തിൽ ഇന്ന് 19 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ നിന്നും 9 പേരുടേയും, പാലക്കാട് ജില്ലയിൽ നിന്നും 4 പേരു ടേയും, തിരുവനന്തപുരം ജില്ലയിൽ നിന്നും 3 പേരുടേയും, ഇടുക്കി ജില്ലയിൽ നിന്നും 2 പേരുടേയും, തൃശ്ശൂർ ജില്ലയിൽ നിന്നും ഒരാളുടെയും പരിശോധനാഫലമാണ് നെഗ റ്റീവ് ആയത്. രോഗം സ്ഥിരീകരിച്ച 228 പേർ നിലവിൽ ആശുപത്രികളിൽ ചികിത്സയിലാ ണ്. ഇന്ന് 213 രാജ്യങ്ങളിൽ കോവിഡ് കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ന് കേര ളത്തിലാകമാനം 123490 പേർ നിരീക്ഷണത്തിലാണ്. ഇതിൽ 122676 പേർ വീടുകളിലും 814 പേർ ആശുപത്രികളിലുമാണ്. ഇതുവരെ 14163 സാമ്പിളുകൾ പരിശോധിച്ചതിൽ 12818 സാമ്പിളുകൾ നെഗറ്റീവ് ആണ്. അതിനുശേഷം പ്രിൻസിപ്പൽ സെക്രട്ടറിയോട് പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പറയാൻ ആവശ്യപ്പെട്ടു.

## പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം)

ലോകത്താകമാനം 15,24,161 കേസുകളും, 92,941 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ 6565 കേസ്സുകളും, 239 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇന്ത്യയിൽ ഇന്ന് 693 പുതിയ കേസ്സുകളും, 40 മരണവുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. നിരീക്ഷണ ത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള കണക്കും, വീടുകളിലും, ആശുപത്രിയിലും നിരീക്ഷണ ത്തിലുള്ളവരുടെ ജില്ലതിരിച്ചുള്ള വിശദാംശങ്ങളും അദ്ദേഹം യോഗത്തെ അറിയിച്ചു. ടെസ്റ്റിങ്ങ് സെന്ററുകളുടെ ജില്ലതിരിച്ചുള്ള വിഭജനവും, ലാബുകളിൽ നിലവിലെ സംവി ധാനത്തിൽ ചെയ്യാൻ കഴിയുന്ന ടെസ്റ്റുകളുടെ കണക്കും അറിയിച്ചു. രോഗം സ്ഥിരീക രിച്ച് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരുടെ ജില്ല തിരിച്ചുള്ള വിവരണവും അവരുടെ ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങളും വിശദീകരിച്ചു. പഞ്ചായത്ത് തിരി ച്ചുള്ള രോഗം സ്ഥിരീകരിച്ചവരുടെ ഹീറ്റ് മാപ്പും വിശദീകരിച്ചു. ഇപ്പോഴത്തെ ടെസ്റ്റിംഗി നെക്കുറിച്ചുള്ള വിവരണവും, മെഡിക്കൽ ഉപകരണങ്ങളെക്കുറിച്ചുള്ള വിവരണവും നട ത്തി. കേരളത്തിൽ പുതുതായി സ്വകാര്യമേഖലയിൽ ആരംഭിച്ച ലാബുകളുടെ വിവര ങ്ങളും അറിയിച്ചു. കേരളത്തിൽ ചികിത്സയിലായിരുന്ന മാഹി സ്വദേശി ഇന്നു നിര്യാത

നായി. വയോജനങ്ങളുടെ സംരക്ഷണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹ്യനീതി വകുപ്പിന്റെയും, കുടുംബശ്രീയുടെയും, ആരോഗ്യ വകുപ്പിന്റെയും യോജിച്ചുള്ള പ്രവർത്തനങ്ങളുടെ വിശകലനം നടത്തി. 1058 മനോരോഗ വിദഗ്ദരുടെ ആഭിമുഖ്യത്തിൽ 187465 ടെലികൗൺസിലിംഗുകളും നടത്തിയിട്ടുണ്ട്.

## ചീഫ് സെക്രട്ടറി

പൊതുമരാമത്ത് വകുപ്പ് 205004 മുറികൾ കണ്ടെത്തിയിട്ടുണ്ട് ഇതിൽ 124159 മുറികൾ ഉടനെ താമസയോഗ്യമായവയാണ്. മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് നിരീക്ഷിക്കുന്നുണ്ട് ആർ.എൻ.എ. എക്സ്ട്രാക്ഷൻ കിറ്റുകളുടെ കാര്യമാണ് പ്രധാനമായും ആവശ്യമുള്ളത്. മഞ്ചേരി മെഡിക്കൽ കോളേജിന് ടെസ്റ്റിംഗിനാവശ്യമായ കിറ്റുകൾ എത്തിച്ചുകൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട താണ്.

## ട്രാൻസ്പോർട്ട് സെക്രട്ടറി

ചരക്ക് ലോറികളുടെ വരവിൽ ഇന്നത്തെ കണക്കനുസരിച്ച് 2291 ലോറികൾ ആണ് എത്തിയിട്ടുള്ളത്. ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ ആശങ്കപ്പെടേണ്ടതില്ല .

## വിദഗ്ദ്ധ സമിതി ചെയർ പേഴ്സൺ

ഒരു അണുനാശക തുരങ്കം പലയിടത്തും സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട് ഇതു പരിശോധിച്ചിട്ട് ശാസ്ത്രീയമായ അടിത്തറകൾ ഒന്നുമില്ല എന്നാണ് തെളിഞ്ഞിട്ടുള്ളത് . ഇതിൽ സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനിയാണ് ഉപയോഗിക്കുന്നത്. ഈ ലായനി മനുഷ്യരുടെ ശരീരത്തിലേക്ക് നേരിട്ട് സ്പ്രേ ചെയ്യുകയാണ് ചെയ്യുന്നത്. കൂടാതെ ഈ ലായനി കൊറോണ രോഗാക്കണുക്കൾക്കെതിരെ പ്രവർത്തിക്കുകയില്ല. കൊറോണ രോഗാണുക്കൾ പ്രധാനമായും കൈകൾക്കുള്ളിലും ശ്വാസകോശത്തിലുമാണ് കാണുന്നത്. ഈ ലായനി ശരീരത്തിൽ തളിക്കുന്നതു വഴി ശരീരത്തിന് അലർജിയുണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ, ഇതു ജനങ്ങളിൽ ഒരു കൃത്രിമ ബോധം ഉളവാക്കാനും സാധ്യതയുണ്ട്. ഇങ്ങനെ വരുമ്പോൾ മാസ്ക്കുകളും ഹാന്റ് സാനിറ്റൈസറുകളും ഉപയോഗിക്കാതെയും വരും. കൂടാതെ, ഇങ്ങനെയുള്ള സാങ്കേതിക വിദ്യകൾ നടപ്പിലാക്കുമ്പോൾ ആരോഗ്യ വകുപ്പിന്റെ അനുമതിയും തേടേണ്ടതാണ്. കെ. എസ്.ഡി. പി. എൽ, ഹൈഡ്രോക്സി ക്ലോറോകിൻ നിർമ്മിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്.

എന്നാൽ ഇപ്പോൾ കേരളത്തിന് ആവശ്യമുള്ള സാധനങ്ങൾ നിർമ്മിക്കുന്നതിന് ശ്രദ്ധകേന്ദ്രീകരിക്കുന്നതാണ് ഉചിതമെന്ന് അല്ലാതെ വിപണനത്തിലല്ല ശ്രദ്ധകേന്ദ്രീകരിക്കേണ്ടതെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ഹൈഡ്രോക്സി ക്ലോറോകിൻ ചില പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന ആരോഗ്യവകുപ്പ് മന്ത്രിയുടെ സംശയത്തിനു മറുപടിയായി പ്രോട്ടോക്കോളനുസരിച്ച് ചികിത്സയിലുള്ളവർക്കും അവരുമായി നേരിട്ട് സമ്പർക്കം വരുന്ന ആരോഗ്യപ്രവർത്തകർക്കും ചികിത്സയുടെ ഭാഗമായി നൽകാമെന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഡിസ്പ്പോസിബിൾ സർജിക്കൽ ഏപ്രൺ, തൊപ്പികൾ, ഷൂ കവറുകൾ ഇവ നിർമ്മിക്കുന്ന തിനുള്ള ശ്രമങ്ങളും കെ എസ് ഡി പി എൽ തുടങ്ങിയിട്ടുണ്ട്. മറ്റു രോഗങ്ങളുള്ള ആൾക്കാർ ആശുപത്രികളിലേക്ക് പോകുന്നതിനു ആത്മവിശ്വാസം നൽകുകയും ഇവരെ ചികിത്സിക്കുന്നതിനായി ആശുപത്രികളോട് നിർദ്ദേശിക്കുകയും ചെയ്യുന്നത് നന്നായിരി ക്കും. ഗുരുതരമായ രോഗമുള്ളവർ ആശുപത്രിയിലേക്ക് പോയില്ലെങ്കിൽ കോവിഡിനേ ക്കാൾ വലിയ ദുരന്തം ഉണ്ടായേക്കാം .

## സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

നിസ്സാമുദീനിൽ നിന്നും മടങ്ങിയെത്തിയ ആൾക്കാരിൽ നിന്നും 20 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 145 പേരുടെ പരിശോധനാഫലം നെഗറ്റീവായിരുന്നു. 71 പേരുടെ പരി ശോധനാഫലം ഇനിയും ലഭിക്കാനുണ്ട്. സ്പെഷ്യൽ ബ്രാഞ്ചിന്റെ 397 പേരുടെ പട്ടിക യാണ് നൽകിയിരുന്നത്. എന്നാൽ ഇതിൽ കുറേയധികം ആളുകൾ കേരളത്തിലേക്ക് തിരിച്ചെത്തിയിട്ടില്ല.

## സിവിൽ സപ്ലൈസ്

എ.എ.വൈ 3.34 ലക്ഷം ഭക്ഷ്യധാന്യകിറ്റുകൾ നൽകിയിട്ടുണ്ട്. 2400 പേർ കിറ്റ് വേണ്ട എന്നു അറിയിച്ചിട്ടുണ്ട്. 31 വാഗൺ കടലയും, ചെറുപയറും അടങ്ങിയ ചരക്ക് എത്തിയി ട്ടുണ്ട്. 41 എണ്ണം പുറപ്പെട്ടിട്ടുണ്ട്. നാളെ ഈസ്റ്ററായതിനാൽ ക്രിസ്തീയ സമുദായ ത്തിൽപ്പെട്ടവർക്ക് നിയന്ത്രിത അവധി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. 94 ശതമാനം റേഷൻ കൊടുത്തു തീർത്തു.

ചില പഞ്ചായത്തുകളുമായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും സംസാരിച്ച പ്പോൾ, ഭക്ഷണത്തിനാവശ്യമായ ധാന്യങ്ങൾ സിവിൽ സപ്ലൈസിനോട് ചോദിക്കുമ്പോൾ വളരെ കുറവ് ഭക്ഷ്യധാന്യങ്ങൾ മാത്രമാണ് കൊടുക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട് എന്ന മുഖ്യമന്ത്രി അറിയിച്ചു. ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്കു കുറവായതി നാലാണ് ഇങ്ങനെ സംഭവിച്ചതെന്നും ഇതു പരിശോധിക്കാമെന്നും മുഖ്യമന്ത്രിയെ അദ്ദേഹം അറിയിച്ചു.

**മേൽപ്പറഞ്ഞ വിഷയങ്ങളിൽ വിശദമായ ചർച്ചയ്ക്കു ശേഷം ബഹു.മുഖ്യമന്ത്രി അദ്ദേഹത്തിന്റെ തീരുമാനം യോഗത്തെ അറിയിച്ചു.**

ബഹു പ്രധാനമന്ത്രി ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി വീഡിയോ കോൺഫറൻസ് നടത്തിയിരുന്നു. ഇപ്പോൾ രാജ്യത്ത് നിലവിലുള്ള സ്ഥിതിയെക്കുറിച്ച് ചർച്ച ചെയ്തു. ഏപ്രിൽ 14 മുതൽ രണ്ടാഴ്ചത്തേക്കു കൂടി ലോക്ക് ഡൗൺ തുടരണ മെന്ന് അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് രൂപീകരിച്ച വിദഗ്ധ സമിതികളുടെ നിർദ്ദേശങ്ങ ളെല്ലാം പരിഗണിച്ചുകൊണ്ട് വിശദമായ മാർഗ്ഗനിർദ്ദേശം കേന്ദ്ര സർക്കാർ പുറപ്പെടു വിക്കും എന്നും അദ്ദേഹം അറിയിച്ചു. വരുന്ന ആഴ്ചകൾ കോവിഡ് 19 വ്യാപന പ്രതി രോധ പ്രവർത്തനങ്ങൾ നിർണ്ണായകമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രതിരോധ പ്രവർത്തനങ്ങളുടെ പരിണാമം വിജയകരമാക്കുന്നതിന് ലോക്ക് ഡൗൺ നീട്ടേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി അറിയിച്ചു. ലോക്ക് ഡൗൺ പിൻവലിക്കുന്നതിന്

ക്രമേണയുള്ള സമീപനമാണ് ആവശ്യം എന്നറിയിച്ചു. അദ്ദേഹം പ്രധാനമായും പറഞ്ഞത് **ജാൻ ഭി ജഹാം ഭി** (മനുഷ്യ ജീവനും ലോകവും ഒരുപോലെ).
റാഗി വിളവെടുപ്പു നടക്കുന്ന സമയമാണ്, അതിനാൽ കൃത്യമായ സമൂഹ അകലവും, മറ്റു നിബന്ധനകളും പാലിച്ചുകൊണ്ട് വിളവെടുപ്പ് നടത്താവുന്നതാണ് .

ഇതര സംസ്ഥാനത്തൊഴിലാളികളുടെ മടക്കയാത്ര കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ ആവശ്യമാണ്. എന്നാൽ ഇതു ഉടൻ ഉണ്ടാകില്ല എന്നും പ്രധാനമന്ത്രി അറിയിച്ചു. എന്നാൽ അവരെ അതേ സ്ഥലത്തു തന്നെ താമസിപ്പിച്ച് നിബന്ധനകളോടെ തൊഴിൽ ചെയ്യാനനുവദിക്കാമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോക്ക് ഡൗൺ കാലത്തെ ലോക്ക് ഇൻ എന്നാണ് അദ്ദേഹം ഇതിനെ വിശേഷിപ്പിച്ചത്.

പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും അനുവദിക്കാൻ പാടുള്ളതല്ല .

സാമ്പത്തികരംഗം പതുക്കെ ചലനാത്മകമാകണമെന്ന് പ്രധാനമന്ത്രി നിർദ്ദേശിച്ചു.
ഓക്സിജൻ ലഭ്യതയുടെ കാര്യത്തിൽ യാതൊരു തടസ്സവും പാടുള്ളതല്ല എന്നും വെന്റിലേറ്ററുകളുടെ കാര്യത്തിൽ ദൗർലഭ്യം ഉണ്ടാകരുതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൂടാതെ, രോഗബാധിച്ചവരുടെ ആരോഗ്യസ്ഥിതി വെന്റിലേറ്ററിൽ വരെ എത്താതെ ശ്രദ്ധിക്കണം.

കോവിഡ് 19 അല്ലാതെയുള്ള ആവശ്യമായ ചികിത്സകൾ നൽകാൻ ശ്രദ്ധിക്കണം. ടെലിമെഡിസിൻ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഈ സന്ദേശം ഡോക്ടർമാരുടെ ഇടയിൽ വ്യാപകമായി എത്തിക്കണം.

ആരോഗ്യ സേതു എന്ന കേന്ദ്ര സർക്കാരിന്റെ മൊബൈൽ ആപ്ലിക്കേഷൻ നല്ല രീതിയിൽ ഉപയോഗിക്കണം.

കാർഷിക വിളകൾ കമ്പോളത്തിലെത്തിക്കുമ്പോൾ കൂട്ടം കൂടുന്നത് ഒഴിവാക്കാൻ ശ്രദ്ധിക്കണം ഇതിനായി ചെറുകിടവ്യാപാര സ്ഥാപനങ്ങളുടെ ഓൺലൈൻ സേവനം ഉപയോഗിക്കാവുന്നതാണ്.

അന്തർ സംസ്ഥാന-അന്താരാഷ്ട്ര വിതരണ ശൃംഖലക്ക് തടസ്സങ്ങളൊന്നും ഉണ്ടാകാൻ പാടുള്ളതല്ല.

സംസ്ഥാനങ്ങളുന്നയിച്ച സാമ്പത്തിക ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ മുമ്പാകെ ഉണ്ടെന്നും ഇതു ഗൗരവമായി പരിഗണിച്ചു വരികയാണെന്നും പ്രധാനമന്ത്രി അറിയിച്ചു.

കൊറോണ ഉയർത്തുന്ന വെല്ലുവിളി നേരിടാൻ കേന്ദ്രത്തിനും, സംസ്ഥാനത്തിനും സംയുക്തമായ നയമുണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ഇപ്പോൾ നിലവിലുള്ള ലോക്ഡൗൺ നടപ്പാക്കുന്നതിന് കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകൾ സംയുക്തമായി നടത്തിയ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇത്രയും അഭിപ്രയങ്ങൾ ആണ് ഇന്നത്തെ യോഗത്തിൽ ബഹു. പ്രധാനമന്ത്രി, പ്രധാന മായും അറിയിച്ചത്. ഇതിന്റെ ഭാഗമായി ചില പ്രഖ്യാപനങ്ങൾ അദ്ദേഹം ഇനി നടത്തും. ആ പ്രഖ്യാപനങ്ങൾ വന്നതിനു ശേഷം ചർച്ചചെയ്ത് നമ്മുടെ സംസ്ഥാനത്ത് എങ്ങനെ പ്രാവർത്തികമാക്കാമെന്നും തീരുമാനമെടുക്കാം.

13 -ാം തീയതി തിങ്കളാഴ്ച ഇതിനെക്കുറിച്ചു വിശദമായി ചർച്ചചെയ്ത് തീരുമാനമെടുക്കാവുന്നതാണ്.

1. നാളെ ഈസ്റ്റർ ആയതിനാൽ യോഗം ഉണ്ടാവുന്നതല്ല.
2. വിദേശ രാജ്യങ്ങളിലുള്ള മരുന്നുകൾ എത്തിക്കുന്നതിനും കാർഗോ വഴി ഇത് എത്തിക്കുന്നതിനുള്ള നടപടികൾ എടുക്കണം. ഇതിനായി പ്രത്യേകം കത്ത് കേന്ദ്ര സർക്കാരിന് കൊടുക്കാം **(ചുമതല - നോർക്ക)**
3. തൃശ്ശൂരിൽ വാഴ കൃഷിക്ക് പ്രതിസന്ധി നേരിടുന്നുണ്ട്. കാറ്റടിച്ച് കുലച്ച വാഴകൾ ചരിഞ്ഞു പോകുന്നുണ്ട്. എന്നാൽ ഇതിനു ഊന്നു കൊടുക്കേണ്ട തടി തമിഴ് നാട്ടിൽ നിന്നാണ് കൊണ്ടുവന്നിരുന്നത്. ഇതിന്റെ വരവിനു ഇളവു അനുവദിക്കണമെന്ന് അഭിപ്രായങ്ങൾ ഉയർന്നു വന്നു. ഇതു അനുവദിക്കാവുന്നതാണ്. എന്നാൽ തമിഴ്നാട്ടിലെ ഇപ്പോഴത്തെ സാഹചര്യം വച്ച് നോക്കുമ്പോൾ അവർ ഇത് അനുവദിക്കുമെന്ന് തോന്നുന്നില്ല. **(ചുമതല - കൃഷി വകുപ്പ്)**
4. റബർ സഹകരണ സംഘങ്ങൾ തുറന്നു പ്രവർത്തിക്കണമെന്ന അഭിപ്രായം ഉയർന്നു വരുന്നുണ്ട്. **(ചുമതല - കൃഷി വകുപ്പ്)**
5. ജി.എസ്.ടി. റിട്ടേൺ പിഴ പലിശ കൂടാതെ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി 3 മാസത്തേക്കു കൂടി നീട്ടീയിട്ടുണ്ട്. എന്നാൽ പല ചാർട്ടേർഡ് അക്കൗണ്ടന്റുമാർ റിട്ടേണുകൾ ഫയൽ ചെയ്യുന്ന നിലയിൽ എത്തിയിട്ടുണ്ട്. ഇത് വേഗം റിട്ടേൺ ചെയ്യുന്നതിനായി ആഴ്ചയിലൊരു ദിവസം ഇവരെ തുറന്നു പ്രവർത്തിക്കാൻ അനുവദിക്കണമെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്. സമൂഹ അകലവും, മറ്റു നിർദ്ദേശങ്ങളും പാലിക്കാമെങ്കിൽ ഇതു അനുവദിക്കാവുന്നതാണ്. **(ചുമതല - പൊതുഭരണ വകുപ്പ്)**
6. വിദേശത്തു നിന്ന് ഇറക്കുമതി ചെയ്ത പ്രിന്റിംഗ് പ്രസ്സുകൾ ദീർഘകാലമായി പ്രവർത്തിക്കാതിരുന്നാൽ കേടുപാടുകൾ സംഭവിക്കുമെന്നതുകൊണ്ട് അവർക്ക് ആഴ്ചയിൽ ഒരു ദിവസം പ്രവർത്തിക്കാൻ അനുവദിക്കുന്നതിനെപ്പറ്റി പരിശോധിക്കാം **(ചുമതല – പൊതുഭരണ വകുപ്പ്)**
7. കെ എസ് ഇ ബി ഓൺലൈൻ ആയ തുക ഈടാക്കുമ്പോൾ അധിക തുക ചുമത്തുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ട് ഇത് പരിശോധിക്കണം **(ചുമതല– വൈദ്യുതി വകുപ്പ് - കെ എസ് ഇ ബി)**
8. പ്രതിരോധ കുത്തിവയ്പ് ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഇത് പുന:രാരംഭിക്കുന്നത് പരിശോധിച്ച് തീരുമാനം എടുക്കണം. ഇത് സംബന്ധിച്ച് ഇന്ത്യൻ അസ്സോസിയേഷൻ ഓഫ് പീഡിയാട്രിക്സുമായി ചർച്ച നടത്തുന്നുണ്ടെന്നും ഇത്

പുന:രാരംഭിക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കാമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. **(ചുമതല - ആരോഗ്യ വകുപ്പ്).**

9. ചിലർ ആംബലുൻസുകൾ സാധാരണ യാത്രയ്ക്കായി ഉപയോഗിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കർശനമായി പരിശോധിക്കണം. **(ചുമതല - ആഭ്യന്തര വകുപ്പ്)**
10. ആര്യങ്കാവ് റെയിൽപ്പാത വഴി ആൾക്കാർ ബൈക്കിലും, കാൽനടയായും കേരളത്തിൽ കടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കർശനമായി പരിശോധിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
11. തൃശ്ശൂരിൽ റേഡിയേഷൻ യന്ത്രം പ്രവർത്തനക്ഷമമമല്ലാത്തതിനാൽ ചികിത്സ മുടങ്ങുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിക്കണം **(ചുമതല - ആരോഗ്യ വകുപ്പ്)**
12. മൂന്നാർ കോട്ടക്കമ്പൂരിൽ പോലീസും ആരോഗ്യ പ്രവർത്തകരും കുടിക്കാൻ വെള്ളമെടുക്കുന്ന ജലസംഭരണിയിൽ വിഷം കലർത്തിയിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് കർശനമായി പരിശോധിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്).**
13. പത്തനംതിട്ടയിൽ ട്രെയിൻ ടിക്കറ്റ് വേണ്ടവർ പോലീസുമായി ബന്ധപ്പെടണമെന്ന വ്യാജ വാർത്തയെത്തുടർന്ന് അനേകം അതിഥി തൊഴിലാളികൾ പോലീസ് സ്റ്റേഷനെ സമീപിക്കുകയുണ്ടായി. അവർക്കുവേണ്ടി അനൗൺസ്മെന്റുകൾ നടത്തുമ്പോൾ അവരുടെ ഭാഷയിൽ അത് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. **(ചുമതല - ആഭ്യന്തര വകുപ്പ്).**
14. താഴെപ്പറുന്ന കാര്യങ്ങൾ 13 -ാം തീയതി ചേരുന്ന യോഗത്തിൽ ചർച്ച ചെയത് തീരുമാനം എടുക്കാം
    - അലങ്കാര മത്സ്യകടകൾ തുറക്കുന്നത്
    - കോഴിക്കുഞ്ഞുങ്ങളുടെ വിതരണം
    - വീടുപണി മുടങ്ങിക്കിടക്കുന്നവരുടെ പണി പുന:രാരംഭിക്കുന്നത് സംബന്ധിച്ച്
    - ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്നത് സംബന്ധിച്ച്
    - മലഞ്ചരക്ക് വ്യാപാരം പുനരാരംഭിക്കുന്നത് സംബന്ധിച്ച്
15. ലോക്ക് ഡൗണിൽ പിടിച്ചെടുത്ത വാഹനങ്ങൾ തിരിച്ചു നൽകുന്നത് പരിശോധിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്).**
16. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ട്. ഇതിൽ നാം ഇടപെടേണ്ടതാണ്. മാത്രമല്ല അവിടങ്ങളിൽ സ്കൂൾ ഫീസ് ഇപ്പോൾ വാങ്ങുന്നുണ്ട് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പാടില്ല. **(ചുമതല - വിദ്യാഭ്യാസ വകുപ്പ്)**
17. ആൾതാമസം ഇല്ലാത്ത വീടുകൾ, ഫ്ളാറ്റുകൾ എന്നിവയുടെ കണക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സ്വരൂപിക്കേണ്ടതാണ്. **(ചുമതല - തദ്ദേശ സ്വയംഭരണ വകുപ്പ്).**
18. പോർട്ടബിൾ പി സി ആർ മെഷീൻ മോൾബയോ ഡയഗ്ണോസ്റ്റിക്സ് എന്ന കമ്പനി നൽകുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. ഇവർതന്നെ ആർ എൻ എ കിറ്റും നൽകുന്നതാണ്. മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ ഇത് ഉപയോഗപ്പെടുത്താ

നാകുമോഎന്ന് പരിശോധിക്കണം. രാംകോ സിമന്റ്സ് നൽകാമെന്ന് പറഞ്ഞ ഒരു കോടി ഇതിനായി ഉപയോഗിക്കാം. ഇത് ഒരു പോയിന്റ് ഓഫ് കെയർ ടെസ്റ്റാണെന്നും ഇത് പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്നും വിദഗ്ധസമിതി ചെയർ പേഴ്സൺ ഡോ. ബി ഇക്ബാൽ പറഞ്ഞു. അതിനുള്ള ഏകപരിമിതി ഒരേ സമയം ഒരു മെഷീനിൽ ചെയ്യാനാകുന്ന പരിശോധനകളുടെ എണ്ണം കുറവാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. **(ചുമതല - ആരോഗ്യ വകുപ്പ്)**.

19. എൻഡോസൾഫാൻ ബാധിതർക്ക് ഉള്ള പെൻഷൻ 5 മാസമായി മുടങ്ങിക്കിടക്കുകയാണ്. ഇത് പരിശോധിക്കണം **(ചുമതല - ധനകാര്യ വകുപ്പ്)**.
20. പ്രവാസി ക്ഷേമനിധി ബോർഡ് തനതു ഫണ്ടിൽ നിന്നും 1000 രൂപ വീതം ഒറ്റത്തവണ സഹായമായി വിദേശത്തു നിന്നും നാട്ടിൽ എത്തിയവർക്ക് പെൻഷനു പുറമെ നൽകുന്നതാണ്. മാത്രമല്ല, കോവിഡ് ബാധിതരായ വിദേശ മലയാളികൾക്ക് 10000 രൂപ വീതവും നൽകുന്നതാണ്. **(ചുമതല - പ്രവാസി ക്ഷേമ നിധി ബോർഡ്)**
21. എന്നാൽ 01-01-2020 മുതൽ കേരളത്തിൽ എത്തി തൊഴിലിടങ്ങളിലേയ്ക്ക് ലോക്ക് ഡൗൺ കാരണം തിരിച്ചുപോകാനാകാത്തവർക്കും, വിസ കാലാവധി കഴിഞ്ഞവർക്കും, 5000 രൂപ വീതം ധനസഹായം സർക്കാർ നൽകണമെന്ന് തീരുമാനിച്ചു. തുടർന്ന് കോവിഡ് 19 രോഗത്തെ സാന്ത്വന ചികിത്സ പട്ടികയിൽ ഉൾപ്പെടുത്തി രോഗം ബാധിച്ചവർക്കും, ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവർക്കും 10000 രൂപ വീതം ധനസഹായം നൽകണമെന്ന് തീരുമാനിച്ചു. **(ചുമതല - വ്യവസായ-ധനകാര്യ വകുപ്പ്)**.
22. 245 വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തിയ 93 ഇടങ്ങളിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളോട് വിജിലൻസ് ശുപാർശ ചെയ്തിട്ടുണ്ട്. **(ചുമതല വിജിലൻസ്, ബന്ധപ്പെട്ട വകുപ്പുകൾ)**
23. എഫ് സി ഐ ഗോഡൗണുകളിൽ 49 ശതമാനം സ്ഥലം ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു. മാത്രമല്ല, കൺസ്യൂമർഫെഡ് ഗോഡൗണുകളിലും 95 ശതമാനത്തോളം സ്ഥലം ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഈ സ്ഥലങ്ങളിൽ പരമാവധി സാധനങ്ങൾ ശേഖരിക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. കേന്ദ്രസർക്കാർ 21 രൂപയ്ക്ക് നോൺ എൻ എഫ് സി ഐ അരി ആവശ്യത്തിന് നൽകാമെന്ന് അറിയിയിച്ചിട്ടുള്ളതായി ഭക്ഷ്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഇത് വാങ്ങുന്നതിനുള്ള കാര്യം പരിശോധിക്കണമെന്ന് മുഖ്യമന്ത്രി അറിയിച്ചു **(ചുമതല - ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്)**
24. വിഷു-ഈസ്റ്റർ ദിനങ്ങളിൽ നിരത്തുകളിൽ തിരക്ക് ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ഉണ്ടായിരിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
25. തമിഴ്നാട് അതിർത്തിയിൽ ആളുകൾ ബന്ധുവീടുകൾ സന്ദർശിക്കുന്നതിനായി അതിർത്തി കടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് കർശനമായി നിയന്ത്രിക്കണം **(ചുമതല ആഭ്യന്തര വകുപ്പ്)**
26. വ്യാജമദ്യം സമൂഹത്തിൽ വർദ്ധിക്കുന്നത് തടയേണ്ടതാണ്. **(ചുമതല എക്സൈസ് വകുപ്പ്)**
27. മാഹിയിലെയും, പാലക്കാട്ടെയും രോഗം സ്ഥിരീകരിച്ച് മരണപ്പെട്ടവർക്ക് രോഗബാധ ഉണ്ടാകാൻ ഇടയായ സാഹചര്യവും അവരുമായി സമ്പർക്കം പുലർത്തിയവരുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. **(ചുമതല - ആരോഗ്യ വകുപ്പ്)**

28. ആലുവയിൽ ഒരു അതിഥി തൊഴിലാളിക്ക് മതിയായ ചികിത്സ ലഭിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലുവ സർക്കാർ ആശുപത്രിയിൽ രോഗി എത്തിയപ്പോൾ ആശുപത്രിയിൽ കയറ്റാതെ ഓട്ടോയിൽ വച്ചുതന്നെ പരിശോധിച്ചെന്നും ആംബുലൻസ് ഏർപ്പാടാക്കാതെ എറണാകുളം ജനറൽആശുപത്രിയിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്. ഇത് പരിശോധിക്കണം **(ചുമതല - ആരോഗ്യ വകുപ്പ്)**
29. കാസർഗോഡ് നവജാത ശിശുവിന് പനിയുമായി കർണ്ണാടകത്തിലേക്ക് പോയപ്പോൾ അവർ കടത്തിവിട്ടില്ല എന്നും തിരിച്ച് അത് കാസർഗോഡെ സ്വകാര്യ ആശുപത്രിയിൽ പരിശോധിച്ചപ്പോൾ ഹൃദയസംബന്ധമായ അസുഖമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു.
30. നിരീക്ഷണത്തിൽ കഴിയേണ്ടിയിരുന്ന ഫാത്തിമ മാതാ പള്ളി വികാരി പതിനഞ്ചു പേരെയും കൂട്ടി കുടിയാൻമല കയറിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതിൽ പകർച്ചവ്യാധി നിയന്ത്രണ നിയമ പ്രകാരം നടപടി എടുക്കുന്നത് പരിശോധിക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
31. തണ്ണിത്തോട് വിദ്യാർത്ഥിയുടെ വീട് ആക്രമിച്ച കേസ്സിൽ അന്വേഷണം ശരിയായ രീതിയിൽ നടക്കുന്നില്ല എന്നും, വിദ്യാർത്ഥി നിരാഹാര സമരമിരിക്കാൻ പോകുന്നു എന്നും വിവരം ഉണ്ട്. ഇത് പരിശോധിക്കണം. ഇതിൽ രാഷ്ട്രീയ ഇടപെടൽ ഉണ്ടോ എന്നും നോക്കണം **(ചുമതല - ആഭ്യന്തര വകുപ്പ്)**
32. പത്തനംതിട്ടയിൽ ഭക്ഷണ വിതരണം നന്നായി നടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കണം. **(ചുമതല - തദ്ദേശസ്വയംഭരണ വകുപ്പ്)**
33. തിരുവനന്തപുരത്തെ വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പ്ലാന്റ് പ്രവർത്തിച്ചില്ലെങ്കിൽ നശിച്ചുപോകും. ഇത് പരിശോധിക്കണം **(ചുമതല - ജലവിഭവ വകുപ്പ്)**
34. തിരുവനന്തപുരം ജില്ലയിലെ ചില ചെക്ക്പോസ്റ്റുകളിൽ രാത്രി എട്ടുമണി വരെ മാത്രമെ ആരോഗ്യ പ്രവർത്തകർ നിൽക്കുന്നുള്ളൂ എന്ന വിവരം ഉണ്ട്. ഇത് പരിശോധിക്കണം. എല്ല ചെക്ക് പോസ്റ്റുകളിലും കേരളത്തിലേക്ക് വരുന്ന എല്ലാ വാഹനങ്ങളെയും അണുവിമുക്തമാക്കാനും, തെർമൽ സ്കാനർ ഉപയോഗിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്. **(ചുമതല - ബന്ധപ്പെട്ട വകുപ്പുകൾ)**
35. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ കന്റോൺമെന്റ് സൗത്ത് വാർഡിലെ ഒരു വീട്ടിൽ ചിക്കൻ പോക്സ് ബാധിച്ച ഒരു വ്യക്തി ഉള്ളതായി വിവരമുണ്ട്. മാത്രമല്ല ഈ വീട്ടിൽ നിരീക്ഷണത്തിൽ കഴിയുന്ന ഒരു വ്യക്തിയുമുണ്ട്. ഇത് പരിശോധിക്കണം **(ചുമതല ആരോഗ്യ വകുപ്പ്)**
36. ഹോം നഴ്സുമാർ വീടുകളിൽ പോയി വയോജനങ്ങളെയും, രോഗികളെയും പരിചരിക്കുന്നതിനാൽ അവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധവേണം. മാത്രമല്ല റാപ്പിഡ് ടെസ്റ്റ് വന്നു കഴിയുമ്പോൾ അവർക്ക് എല്ലാവർക്കും ഇത് ചെയ്യുവാനുള്ള സംവിധാനം ഒരുക്കേണ്ടതാണ്. **(ചുമതല ആരോഗ്യ വകുപ്പ്)**
37. കേരളത്തിലേയ്ക്കുള്ള ചരക്കുതീവണ്ടികൾ വർദ്ധിപ്പിക്കണമെന്ന് പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. **(ചുമതല ഗതാഗത വകുപ്പ്)**

യോഗം 5.30 ന് അവസാനിച്ചു

23/4/20

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ബഹു. ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി
2. ബഹു. റവന്യൂ വകുപ്പ് മന്ത്രി
3. ചീഫ് സെക്രട്ടറി
4. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. സ്റ്റേറ്റ് പോലീസ് ചീഫ്
6. അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ വകുപ്പ്
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതുമരാമത്ത് വകുപ്പ്
12. ഡയറക്ടർ ജനറൽ ഫയർ ആന്റ് റസ്ക്യൂ
13. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
14. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
15. പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗതം
16. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
17. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. അഡീഷണൽ ഡി ജി പി ഇന്റലിജൻസ്
19. സെക്രട്ടറി, ധനകാര്യം
20. സെക്രട്ടറി, ഊർജ്ജ വകുപ്പ്
21. സെക്രട്ടറി, ടൂറിസം വകുപ്പ്
22. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
23. ജോയിന്റ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
24. മുഖ്യമന്ത്രിയുടെ സെക്രട്ടറി
25. ചെയർ പേഴ്സൺ, എക്സ്പെർട്ട് കമ്മിറ്റി
26. ഡി ജി ഇ, തിരുവനന്തപുരം
27. മെമ്പർ സെക്രട്ടറി, ദുരന്ത നിവാരണ അതോറിറ്റി
28. മറ്റുള്ളവർ